LIBRARY ARCHIVES Kerala Legislative Assembly

കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ പദ്ധതി

*6 [447] ശ്രീ. ഡി. സുഗതൻ:

,, തേറമ്പിൽ രാമകൃഷ്ണൻ:

,, കെ. മോഹൻകുമാർ:

,, ടി. എൻ. പ്രതാപൻ:

,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റിൽനിന്ന് വിദ്യുത്ഛക്തി ഉൽപ്പാദിപ്പിക്കുവാൻ റബ്ബർ പാർക്കിന് പദ്ധതിയുണ്ടോ;

(ബി) എങ്കിൽ അതിനുവേണ്ടി എന്തെല്ലാം ഏർപ്പാടുകൾ ചെയിതിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ ആന്റ് ബി) കൊച്ചി തുറമുഖ ട്രസ്റ്റ്, കിൻഫ്ര കയറ്റുമതി വികസന പാർക്ക്, കൊച്ചി പ്രത്യേക സാമ്പത്തിക മേഖല എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് വാതോർജ്ജത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനെക്കുറിച്ച് റബ്ബർ പാർക്ക് ആലോചിച്ചുവരികയാണ്. ഇത് ആലോചനാ തലത്തിലായതിനാൽ വിശദാംശങ്ങൾ തീരുമാനിച്ചിട്ടില്ല.

തുറമുഖങ്ങളുടെ വികസനം

*7 [448] ശ്രീ. ജോണി നെല്ലൂർ:

,, ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനത്തിനായി കഴിഞ്ഞ മൂന്നു വർഷമായി കേന്ദ്ര സർക്കാർ അനുവദിച്ച തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ തുക ഉപയോഗിച്ച് നടന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(സി) പുതിയ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ബഡ്ജറ്റ് പ്രകാരം കേരളത്തിന്റെ തുറമുഖ വികസനത്തിലെ പ്രധാന കാര്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ; ഇവ സംസ്ഥാനത്തിന് ഗുണകരമാകുമോയെന്ന് അറിയിക്കാമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. മാഘവൻ):

(എ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള തുറമുഖങ്ങളുടെ വികസനത്തിനായി കേന്ദ്ര സർക്കാർ തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ തുറമുഖങ്ങളുടെ വികസനത്തിന് വേണ്ടി നടത്തിയ പഠന ചെലവിന്റെ ഒരു വിഹിതം കേന്ദ്ര സർക്കാർ കഴിഞ്ഞ വർഷങ്ങളിൽ ഗ്രാന്റ്-ഇൻ-എയ്ഡ് ആയി തന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

2002-2003 .. 4,73,760 രൂപ (അഴീക്കൽ തുറമുഖം)

2003-2004 .. 8,84,298 രൂപ (വിഴിഞ്ഞം, ആലപ്പുഴ തുറമുഖങ്ങൾ)

(ബി) അഴീക്കൽ, വിഴിഞ്ഞം, ആലപ്പുഴ എന്നീ തുറമുഖങ്ങളുടെ വികസനത്തിനായി രൂപരേഖ തയ്യാറാക്കുന്നതിന് വേണ്ടി ചെലവായ തുകയുടെ വിഹിതമാണ് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചത്.

(സി) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ചെറികിട-ഇടത്തരം തുറമുഖങ്ങളുടെ വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ ബഡ്ജറ്റിൽ തുകയൊന്നും നീക്കി വച്ചിട്ടുള്ളതായി അറിവില്ല.

കെ. എസ്. ആർ. ടി. സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

*8 [449] ശ്രീ. പി. സി. ജോർജ്:

,, വി. ചെന്താമരാക്ഷൻ:

,, എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ഇപ്പോൾ എന്തെങ്കിലും പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) കെ. എസ്. ആർ. ടി. സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ബസ്സുകളുടെ യന്ത്രഭാഗങ്ങൾ, ടയറുകൾ, ബാറ്ററികൾ മുതലായവ യഥാസമയം എത്തിച്ചുകൊടുക്കാൻ കഴിയാത്തതിനാൽ ബസ്സ് സർവ്വീസ് കൃത്യമായി നടത്താൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഡി) കുത്തക റൂട്ടുകളിൽ യാത്രക്കാർക്ക് ആവശ്യാനുസരണം സർവ്വീസുകൾ നടത്താൻ കെ. എസ്. ആർ. ടി. സി.-ക്ക് ഇപ്പോൾ കഴിയുന്നുണ്ടോ;

(ഇ) പഴയ ബസ്സുകൾക്ക് പകരം പുതിയ ബസ്സുകളും പുതിയ റൂട്ടുകളും ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly